**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4810** | | **26.06.2019-ൽ മറുപടിയ്ക്ക്** | |
| **കോർപ്പറേഷൻ റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി.ആർ. സുനിൽ കുമാർ** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | തിരുവനന്തപുരം കോർപ്പറേഷൻ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരമാർഗ്ഗങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നഗരസഭാ പരിധിയിൽ റിപ്പയറിംഗ് ആവശ്യമായിട്ടുള്ള റോഡുകൾ കണ്ടെത്തി അപാകത പരിഹിക്കുന്നതിന് ഫണ്ട് വകയിരുത്തി പ്രവൃത്തികൾ നടത്തി വരുന്നു. |
| (ബി) | വണ്ടിത്തടം-പാപ്പാൻചാണി-പുഞ്ചക്കരി-കരുമം റോഡിന്റെ പുനർനിർമ്മാണത്തിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റോഡ് നിർമ്മാണം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ എപ്പോൾ പരിഹരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | പാപ്പാൻചാണി ജംഗ്ഷനിലേക്ക് വരുന്ന സൈഡ് റോഡ് റിപ്പയർ ചെയ്യുന്നതിന് 10 ലക്ഷം രൂപയുടെ പ്രോജക്ട് തിരുവനന്തപുരം നഗരസഭ തയ്യാറാക്കി (പ്രോജക്ട് നമ്പർ 2469) 2018-19 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയറെ ഇംപ്ലിമെന്റിംഗ് ഓഫീസറാക്കി കരാർ വച്ച് നടപടി സ്വീകരിച്ചു വരുന്നു. സൈഡ് റോഡ് മൂന്നു മാസത്തിനകം റിപ്പയർ ചെയ്യുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡിലെ കോർപ്പറേഷൻ വഴിവിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കെ എസ് ഇ ബി യുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) | റോഡ് പുനർനിർമ്മിക്കുന്ന അവസരത്തിൽ നിർമ്മാണം സംബന്ധിച്ച് നിർമ്മാണ കാലാവധിയിൽ മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ? | (ഡി) | നിർമ്മാണ കാലാവധിയിൽ മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ